## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4421 25.10.2016- ൽ മറുപടിക്ക്**

**"പുതിയ വ്യവസായ സംരംഭങ്ങൾ"**

| **ചോദ്യം**<br>**ശ്രീ.കെ. ദാസൻ** | | | **ഉത്തരം**<br>**ശ്രീ. പിണറായി വിജയൻ**<br>(ബഹു. മുഖ്യമന്ത്രി) |
|---|---|---|---|
| എ) | ചെറുതും വലുതുമായ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ നൽകുന്ന സഹായ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; സഹായ പദ്ധതികൾക്കായി സംരംഭകരെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദീകരിക്കാമോ; | എ)<br>&<br>ബി) | സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും സംരംഭകരെ സഹായിക്കുന്നതിനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴി സാമ്പത്തിക സഹായം നൽകുന്നുണ്ട്. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി സംഘടിപ്പിക്കപ്പെട്ട വിവിധ പരിപാടികളിലൂടെ സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വിപണന സാദ്ധ്യത വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാ സംസ്ഥാന തലങ്ങളിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിക്കുന്നുമുണ്ട്. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്റർപ്രണർ സപ്പോർട്ട് സ്കീം പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നു.<br><br>വിവരസാങ്കേതിക/സാങ്കേതികാനുബന്ധ മേഖലകളിലെ വികസനത്തിനായി സ്റ്റാർട്ടപ്പ് ബോക്സുകൾ നൽകുക, അന്തർദ്ദേശീയ വിനിമയ പദ്ധതി, പേറ്റന്റ് രജിസ്റ്റർ ചെയ്യുന്നതിനുള്ള ചെലവ് തിരികെ നൽകുന്ന പദ്ധതി എന്നിവ കേരള സ്റ്റാർട്ടപ്പ് മിഷന്റെ ആഭിമുഖ്യത്തിൽ ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ മുഖേന നടപ്പിലാക്കുന്നുണ്ട്. ഓരോ പദ്ധതിയുടേയും ആനുകൂല്യങ്ങൾ ടി പ്രോജക്ടിന്റെ ചട്ടങ്ങൾ പാലിച്ചുകൊണ്ടാണ് നൽകുന്നത്. |
| ബി) | ചെറുകിട/വൻകിട വ്യവസായ സംരംഭകർക്കായി ഈ സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**